# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 972 20/03/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സ്വാശ്രയ അൺ എയ്ഡഡ് കോളേജുകളിലെ ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | സ്വാശ്രയ അൺ എയ്ഡഡ് കോളേജുകളിലെ ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവില്ല. ചില ജില്ലകളിൽ തെറ്റായ രീതിയിൽ ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. ആയത് 02/07/2009 ലെ സ.ഉ.(പി) നം.50/09/പജപവവിവ. ഉത്തരവ്, 10-11-2010 ലെ 7935/എ2/10/ പജപവവിവ. സർക്കാർ കത്ത് എന്നിവ പ്രകാരം നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | സ്വാശ്രയ കോളേജുകളിലെ എസ്.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ; | (ബി) | സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രൊഫഷണൽ കോഴ്സുകളിലെ എസ്.സി. വിദ്യാർത്ഥികൾക്ക് എത്ര രൂപ വീതമാണ് ധനസഹായം നൽകുന്നത്? | (സി) | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് 8 കിലോമീറ്ററിനുള്ളിൽ താമസിച്ച് പഠിക്കുന്നവർക്ക് 500 രൂപയും 8 കിലോമീറ്ററിനു വെളിയിൽ താമസിക്കുന്നവർക്ക് 600 രൂപയും പ്രതിമാസ സ്റ്റൈപ്പന്റ് അനുവദിച്ച് വരുന്നു. വിവിധ കോഴ്സുകൾക്ക് 800 രൂപ മുതൽ 2500/- രൂപ വരെ ലംപ്സംഗ്രാന്റിനത്തിൽ അനുവദിച്ച് വരുന്നു. കൂടാതെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസി നിശ്ചയിച്ച നിരക്കിൽ അനുവദിച്ചുവരുന്നു. സർക്കാർ/ അംഗീകൃത ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും വകുപ്പിന്റെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് സൗജന്യ താമസ ഭക്ഷണവും കൂടാതെ പോക്കറ്റ് മണിയായി 150/- രൂപയും അനുവദിച്ചു വരുന്നു. ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് 1,500/- രൂപ പ്രതിമാസം സ്റ്റൈപ്പന്റായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ